# CHAKKALAKKAL
# HIGHER SECONDARY SCHOOL

(English Medium & Malayalam Medium)

Madavoor, Padanilam PO, Kozhikode-673571
Ph: 0495-2800494, Mob: 9446256288, 9447848331
chakkalakkalhs@gmail.com,
www.chakkalakkalhss.org

**പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം**

# അക്കാദമിക് മാസ്റ്റർ പ്ലാൻ

സമഗ്ര ഗുണമേന്മാ വിദ്യാലയ വികസന പദ്ധതി

**2025 -2026**

# ഉള്ളടക്കം


- ആമുഖം
- പദ്ധതി രൂപീകരണ പട്ടിക
- വിദ്യാലയ ചരിത്രം
- വിദ്യാലയം മികവിന്റെ കേന്ദ്രം-കാഴ്ച്ചപ്പാട്
- ലക്ഷ്യങ്ങൾ
- നിലവിലെ അവസ്ഥാവിശകലനം

  ഭൗതികം

  അക്കാദമികം

  സാമൂഹികം
- അക്കാദമിക മാസ്റ്റർ പ്ലാൻ -

  വിഷയമേഖലകൾ
- ക്ലബ് - പ്രവർത്തന രേഖകൾ
- സ്കൂൾതല വേറിട്ട പ്രവർത്തനങ്ങൾ

# സമഗ്ര ഗുണമേന്മാ വിദ്യാലയ വികസന രേഖ

**ആമുഖം**

നവകേരളാമിഷന്റെ ഭാഗമായി കേരള സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞം ഫലപ്രാപ്തിയിലെത്തിക്കുന്ന പ്രവർത്തനത്തിന്റെ തുടർച്ചയാണ്  ചക്കാലക്കൽ ഹയർസെക്കന്ററി സ്കൂൾ മടവൂർ തയ്യാറാക്കുന്ന വിദ്യാലയവികസന പദ്ധതി രൂപരേഖ.

വരുന്ന പത്തുവർഷം മുന്നിൽ കണ്ട് ഹൈസ്കൂൾ - ഹയർ സെക്കന്ററി തലത്തിൽ ഈ വിദ്യാലയത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമികവും ഭൗതികവും സാമൂഹികവുമായ വിദ്യാലയ വികസന കാഴ്ച്ചപ്പാടാണ് ഇതിലൂടെ അവതരിപ്പിക്കുന്നത്.

രക്ഷിതാക്കൾ അധ്യാപകർ പൂർവ്വവിദ്യാർത്ഥികൾ, സാമൂഹ്യ രാഷ്ട്രീയ- സാംസ്കാരിക സന്നദ്ധ സംഘടനാപ്രവർത്തകർ,വിവിധ സർക്കാർ -സർക്കാരിതര ഏജൻസി കൾ എന്നിവയുടെ കൂട്ടായ്മയിലൂടെ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഈ സമഗ്ര വിദ്യാല യവികസന പദ്ധതി ഉദ്ദേശിക്കുന്നു.

അക്കാദമിക മികവിലൂടെ വിദ്യാലയമികവ് എന്ന കാഴ്ച്ചപ്പാട് ഉയർത്തിക്കൊണ്ടാണ് ഈ വികസനരേഖ അവതരിപ്പിക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന ലക്ഷ്യം സാർത്ഥമാക്കുന്നതിന് വൈവിധ്യമാർന്ന പ്രവർത്തനപദ്ധതികൾ ഉൾക്കൊള്ളുന്നതാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ.

# വിദ്യാലയ ചരിത്രം

പ്രൈമറിവിദ്യാഭ്യാസത്തിനപ്പുറമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവില്ലാതിരുന്ന ഒരുകാലഘട്ടത്തിൽ ഈ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ മറികടക്കാൻ മടവൂർ പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ സ്ഥാപിക്കുക എന്ന പ്രഥമവും പ്രധാനവും ആയ പരിഹാര മാർഗ്ഗം ലക്ഷ്യം വെച്ച് പ്രവർത്തിച്ച് ഒരുകൂട്ടം സുമനസ്സുകളുടെ പ്രവർത്തനഫലമായി 1982 ൽ മടവൂർ പഞ്ചായത്തിലെ ഏക ഹൈസ്കൂൾ ആയി ചക്കാലക്കൽ ഹയർ സെക്കന്ററി സ്കൂൾ സ്ഥാപിതമായി.

നാഷണൽ എഡ്യൂക്കേഷണൽ ട്രസ്റ്റിന്റെ നേതൃത്വത്തിൽ രൂപം കൊണ്ട് ഹൈസ്കൂൾ കമ്മറ്റിയുടെ ആദ്യ പ്രസിഡന്റ് അബൂബക്കർ കോയ മാസ്റ്ററും മാനേജർ പി .കെ. സുലൈമാൻ മാസ്റ്ററും ആയിരുന്നു. ഇവരുടെ പ്രവർത്തനഫലമായി 1982 ജൂലൈ 13 ന് അന്നത്തെ കൃഷിവകുപ്പ് മന്ത്രി ശ്രീ. സിറിയക് ജോൺ ഉദ്ഘാടനം ചെയ്ത ഈ സ്ഥാപനത്തിൽ 154 വിദ്യാർത്ഥികളും 7 അധ്യാപകരും ആണ് ഉണ്ടായിരുന്നത്. ആദ്യത്തെ പ്രധാന അധ്യാപകൻ വി.കെ മൊയ്തീൻ മാസ്റ്ററും ആദ്യത്തെ പി ടി എ പ്രസിഡന്റ് മടവൂർ ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റ് അബ്ദുള്ളക്കുട്ടി മാസ്റ്ററും ആയിരുന്നു.1985 ലെ ആദ്യത്തെ എസ്.എസ്. എൽ.സി ബാച്ചിൽ 76 കുട്ടികൾ പരീക്ഷ എഴുതിയതിൽ 72 പേരും വിജയിച്ചു.ആദ്യ റിസൾട്ട് 95% തുടർന്നുള്ള ഓരോ വർഷത്തിലും വിദ്യാർത്ഥികളുടെ എണ്ണത്തിലും വിജയശതമാനത്തിലും സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങളിലും വൻമുന്നേറ്റമാണുണ്ടായത് .

ഇപ്പോൾ 57 ഡിവിഷനുകളായി 3400 ഓളം  കുട്ടികൾ പഠിക്കുന്നുണ്ട്. 2025-26 വർഷത്തിൽ 1171 കുട്ടികൾ എസ്.എസ്.എൽ.സി പരീക്ഷ എഴുതാൻ തയ്യാറെടുത്തുകൊണ്ടിരിക്കുകയാണ്.

2010 ൽ നമ്മുടെ വിദ്യാലയത്തിൽ എയ്ഡഡ് പ്ലസ്ടു അനുവദിച്ചുകിട്ടി. സയൻസ് , കോമേഴ്സ് വിഷയങ്ങളിലായി രണ്ടു വീതം ബാച്ചുകളിൽ 480 കുട്ടികൾ പഠിക്കുന്നു. കഴിഞ്ഞ ഹയർ സെക്കണ്ടറി പരീക്ഷയിൽ 99 ശതമാനവും എസ്.എസ്.എൽ.സി പരീക്ഷയിൽ 100 ശതമാനവും വിജയം നേടാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്.

ഇതു കൂടാതെ എൻ സി സി , എസ് പി സി , സ്കൗട്ട് , ഗൈഡ് , ജെ ആർ സി , ലിറ്റിൽ കൈറ്റ് ,  വിവിധ ക്ലബ്ബുകൾ, വിദ്യാരംഗം കലാസാഹിത്യ വേദി, എൻ.എസ്.എസ്, ജാഗ്രതാസമതി, തൊഴിൽ സംരംഭകത്വ ക്ലബ്ബ്, സൗഹൃദക്ലബ്ബ് അസാപ്പ് എന്നിവ പാഠ്യപ്രവർത്തനത്തോടൊപ്പം കലാലയ പ്രവർത്തനങ്ങളെ കൂടുതൽ സമ്പുഷ്ടമാക്കുന്നു. കൂടാതെ കലാ കായികം , ശാസ്ത്രം,ഗണിതശാസ്ത്രം, സാമൂഹ്യശാസ്ത്രം ,ഐ ടി ,പ്രവർത്തിപരിചയം ,സംഗീതം, എന്നീ മേഖലകളിൽ സബ് ജില്ലാ -സംസ്ഥാനതലങ്ങളിൽ മികച്ച പ്രകടനം കാഴ്ച വക്കാൻ നമ്മുടെ സ്കൂളിനു കഴിഞ്ഞിട്ടുണ്ട്.

നിലവിൽ നൂറോളം അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാർ ഈ സ്ഥാപനത്തിൽ ജോലിചെയ്യുന്നുണ്ട്. അതോടൊപ്പം മുഴുവൻ വിദ്യാർത്ഥികൾക്കും യാത്രാസൗകര്യങ്ങളുണ്ട് എന്നത് ഈ

വിദ്യാലയത്തിന്റെ പ്രത്യേകതയാണ്. അതിനായി
14 ബസ്സുകൾവിവിധ റൂട്ടുകളിൽ സർവീസ് നടത്തുന്നു.

കൂടാതെ ഇൻഡോർ ബാഡ്മിന്റൺ സ്റ്റേഡിയം,ബാസ്കറ്റ് ബോൾ കോർട്ട്, കരാട്ടെ പരിശീലനം, വിശാലമായ മൂന്ന് കമ്പ്യൂട്ടർ ലാബ് , അടൽ തിങ്കറിങ് ലാബ് , ഭിന്ന ശേഷിക്കാർക്കുള്ള സൗകര്യങ്ങൾ, ഹെൽത്ത് നഴ്സ് സേവനം, ഗേൾസ് ഫ്രണ്ടലി ടോയ്‌ലറ്റുകൾ എന്നിവ ഉൾക്കൊള്ളുന്ന വിപുലമായ സംവിധാനങ്ങളും ഈ സ്കൂളിൽ ഒരുക്കിയിട്ടുണ്ട് .
സ്കൂൾ മാനേജ്മെന്റ്, പി.ടി.എ, അതതു കാലത്തുള്ള എം.പി മാർ എം എൽഎമാർ, തദ്ദേശസ്വയം ഭരണസ്ഥാപനമേധാവികൾ രാഷ്ട്രീയ സാമൂഹ്യ സാംസ്കാരികംഗങ്ങളിലെ പ്രമുഖ വ്യക്തികൾ എന്നിവരുടെ നിർലോഭമായ സഹായസഹകരണങ്ങൾ ഈ വളർച്ചയെ സഹായിച്ചിട്ടുണ്ട്.

എങ്കിലും സമൂഹത്തിന്റെ ഉയർന്ന പ്രതീക്ഷക്കൊത്ത് പൊതുവിദ്യാല യങ്ങളെ മാറ്റിയെടുക്കുന്നതിനുള്ള ബൃഹത്തും സമഗ്രവുമായ ഈ ജനകീയ യജ്ഞം പൂർണമാക്കാൻ അന്താരാഷ്ട്രനിലവാരത്തിലുള്ള ക്ലാസ്സ് റൂമുകൾ, ലബോറട്ടറി, കളിസ്ഥലം, ഓഡിറ്റോറിയം , ഭക്ഷണശാല, കുടിവെള്ള വിതരണ സംവിധാനം, ടോയ്ലറ്റ്, ഐ.ടി ലാബുകൾ, വിശ്രമമുറി, വായനാമുറി, ഡിജിറ്റൽ സംവിധാനങ്ങളോടുകൂടിയ ലൈബ്രറി, അസംബ്ലി ഹാൾ, ഭാഷാലാബ്, മാലിന്യ സംസ്കരണ സംവിധാനം തുടങ്ങിയ സൗകര്യങ്ങൾ കൂടി സ്കൂളിൽ ഒരുക്കേണ്ടതുണ്ട്. ഭൗതിക സൗകര്യങ്ങൾ വർദ്ധിക്കുന്നതിനോടൊപ്പം പഠനം ആകർഷവും ആസ്വാദകരവും ആക്കേണ്ടതുണ്ട്. പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന

ലക്ഷ്യങ്ങൾ നേടിയെടുക്കാൻ സഹായകമാവും വിധം പഠന യാത്രകൾ, സെമിനാറുകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, ശില്പശാലകൾ,ക്യാമ്പുകൾ എന്നിവ സംഘടിപ്പിച്ച് കുട്ടികളെ അറി വിന്റെയും അന്വേഷണത്തിന്റെയും ലോകത്തേക്ക് ആനയിക്കപ്പെടേണ്ടതുണ്ട്. അങ്ങനെ മാത്രമേ അക്കാദമികവിലൂടെ വിദ്യാലയ മികവ് എന്ന ലക്ഷ്യം സാർത്ഥകമാക്കാൻ സാധി ക്കുകയുള്ളൂ.

## വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ച്ചപ്പാട്,

വൈവിധ്യമാർന്നതും തനിമയുള്ളതുമായ അക്കാദമിക പ്രവർത്തനങ്ങളിലൂടെ ക്ലാസ്സ് റൂം പഠനവും വിദ്യാലയ അന്തരീക്ഷവും കൂടുതൽ ആകർഷകമാക്കി കൊണ്ട് മുഴുവൻ പഠിതാക്കളെയും പഠനത്തിലെ വിമുഖത അകറ്റി സ്കൂൾ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാനും പര്യാപ്തമായ നൂതനസംവിധാനങ്ങളാണ്. ഈ പദ്ധതിയിൽ ഒരുക്കുന്നത്.

1. ഡിജിറ്റൽ സംവിധാനത്തോടുകൂടിയ ലൈബ്രറി, വായനാമുറി, സി.ഡി ലൈബ്രറി
2. സിനിമാ പ്രദർശനം അടക്കമുള്ള സൗകര്യങ്ങളോടുകൂടിയ ആധുനിക മൾട്ടിമീഡിയ റൂം.
3. ഓരോകുട്ടിക്കും പരീക്ഷണം ചെയ്യാവുന്നതരത്തിലുള്ള സയൻസ്ലാബ്, ഭാഷാ ലാബ്.
4. കലാവിദ്യാഭ്യാസത്തിനായി ചിത്രകല, സംഗീതം, നൃത്തം, എന്നിവയിൽ പ്രാവീണ്യം നേടാൻ സൗകര്യം

5. പ്രതിഭാപോഷണ പദ്ധതിയുടെ ഭാഗമായി ഗവേഷണ പ്രവർത്തനങ്ങൾ, പഠനയാത്രകൾ, വിദഗ്ധർ ആടങ്ങിയ അതിഥിയധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തൽ എന്നിവ.
6. ജീവന നൈപുണ്യം, തൊഴിൽ നൈപുണ്യം വിഭാഗങ്ങളിലുള്ള കഴിവുകൾ വികസിപ്പിക്കുന്നതിന് ഇ ഡി ക്ലബ്ബ് പരിശീലന പദ്ധതി.
7. കായിക പഠനസൗകര്യങ്ങൾ വർധിപ്പിക്കുന്നതിനായി വോളിബോൾ, ഫുട്ബോൾ, കരാട്ടെ, യോഗ, ചെസ്സ്, ഇൻഡോർ ഗെയിം പരിശീലനം
8. ചക്കാലക്കൽ സ്പോർട്സ് അക്കാദമി : കേരളത്തിൽ മലയാള മനോരമ നടത്തിയ മികച്ച സ്പോർട്സ് ക്ലബ് പുരസ്കാരത്തിൽ കേരളത്തിലെ മികച്ച രണ്ടാമത്തെ ക്ലബ് ആയി തിരഞ്ഞെടുക്കുകയുണ്ടായി . ധാരാളം കുട്ടികളെ ദേശീയ , അന്തർദേശീയ , സംസ്ഥാന ടീമുകളിൽ സ്ഥാനം നേടിയെടുക്കുന്നതിൽ സഹായിച്ചു .
9. ജൈവ വൈവിധ്യ ഉദ്യാനം,
10. പഠന പിന്നോക്കക്കാർക്കുള്ള പദ്ധതി.
11. ഭിന്നശേഷിക്കാർക്കുള്ള പരിഗണന
12. ചെയ്സ് അക്കാഡമി : കുട്ടികളെ പുതിയ കാലത്തിനൊത്തു മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിന് വേണ്ടി സജ്ജരാക്കുന്ന പ്രവർത്തനം നടത്തുന്നു

എന്നിവ ഉൾപ്പെടുത്തി വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാക്കാൻ കഴിയുമെന്ന് ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

## ലക്ഷ്യങ്ങൾ

(ഹ്രസ്വ കാല ലക്ഷ്യങ്ങൾ 3 മാസം, 6 മാസം എന്നും ദീർഘകാല ലക്ഷ്യങ്ങൾ 2 വർഷം, 10 വർഷം എന്നിങ്ങനെയുമാണ് വിഭജിച്ചിരിക്കുന്നത്. 1 മുതൽ 12 വരെ ഓരോ ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ഉറപ്പുവരുത്തുക, കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക മാലിന്യനിർമാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തുക. മദ്യപാനം, മയക്കുമരുന്ന്, പ്ലാസ്റ്റിക്ക്, കീടനാശിനി എന്നിവയിൽ നിന്നും വിമുക്തമായ ഒരു കാമ്പസ് സൃഷ്ടിക്കുക, സ്കൂൾ തലത്തിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ സൃഷ്ടിക്കുക, പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിൽ എത്തിക്കുക കുട്ടികളുടെ സർഗപരമായ കഴിവുകളെ വികസിപ്പിക്കുക, സ്കൂൾ വായനശാലകളും, ലബോറട്ടറികളും ആധുനികവത്ക്കരിക്കുക, ക്യാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയത്തെ വികസിപ്പിച്ചെടുക്കുക, പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക, ലോകത്തെവിടെയുള്ള നിശ്ചിത പ്രായക്കാരായ വിദ്യർത്ഥികൾ ആർജ്ജിക്കുന്ന കഴിവ് കേരളത്തിലെ കുട്ടികൾ നേടി എന്ന് ഉറപ്പുവരുത്തുക, ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാദ്ധ്യതകളെല്ലാം പഠനപ്രവർത്തനത്തിനായി വിനിയോഗിക്കുക, മികച്ച മാനസികശാരീരിക ആരോഗ്യം ഉറപ്പാക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ നമ്മുടെ വിദ്യാലയത്തിലെ കുട്ടികളുടെ ഭാഷാ ശേഷി വികസനം, ഇംഗ്ലീഷ് പഠനം ,ശാസ്ത്രപോഷണം, വായന പരിപോഷണം, ലൈബ്രറി ശാക്തീകരണവും, വിവിധങ്ങളായ

മേഖലയിലെ പ്രതിഭാ പോഷണവും, കായിക പഠനം, പോഷക ആഹാര പരിപാടി, ഗവേഷണാത്മക പ്രവർത്തനം എന്നിവയിൽ ഊന്നിക്കൊണ്ടുള്ള വികസന പദ്ധതിയാണ്. വിദ്യാലയ വികസന രൂപരേഖലക്ഷപരിപോഷണം ലക്ഷ്യം വെക്കുന്നത്.

## അക്കാദമികം

പഠനപരമായി മുൻകാലങ്ങളിൽ പിന്നോക്കം നിൽക്കുന്ന ഈ പ്രദേശം സ്കൂളിന്റെ ഭൗതികവും അക്കാദമികവുമായ മികവുകൾ മൂലം ഉന്നതശ്രേണിയിലേക്ക് ഉയർന്നു വന്നിട്ടുണ്ട്. എസ് എൽ എൽ സി, പ്ലസ് ടു പരീക്ഷകളിൽ ഏതാണ്ട് 100 ശതമാനം വിദ്യാർത്ഥികളെ ഉപരിപഠനത്തിന് മികച്ച ഗ്രേഡോടെ തയ്യാറാക്കാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്. ഹയർ സെക്കന്ററി സ്കൂളും, ഹൈസ്കൂളും ഭൗതികമായി മാത്രമല്ല, അക്കാദമികമായും എല്ലാ മേഖലകളിലും മികച്ച നിലവാരം പുലർത്തുന്നുണ്ട്. വിദ്യാർത്ഥി കൾക്കുള്ള പരിശീലനങ്ങൾ മറ്റ് സൗകര്യങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾ സ്കൂളിൽ ഉയർന്ന നിലവാരത്തിൽ നടക്കുന്നു. ശാസ്ത്ര, സാമൂഹ്യശാസ്ത്ര, ഗണിതശാസ്ത്ര കലാ മത്സരങ്ങളിൽ ജില്ലാ, സംസ്ഥാന തലത്തിൽ എല്ലാവർഷവും നിരവധി വിദ്യാർത്ഥികളെ പങ്കെടുപ്പിക്കാനും അവർക്ക് മികച്ച ഗ്രേഡ് വാങ്ങികൊടുക്കാനും ഈ സ്ഥാപനത്തിന് കഴിയുന്നുണ്ട്. 8,9 ക്ലാസ്സുകളിലെ പഠനപരമായി മികച്ച വിദ്യാർത്ഥികൾക്ക് ഉയർന്ന നിലവാരത്തിലുള്ള പരിശീലനത്തിനായി GATE എന്ന പേരിൽ സമാന്തര പരിശീലന പരി പാടി അധ്യാപകർ തന്നെ മുൻകൈ എടുത്ത് നടത്തി വരുന്നു. ഉയർന്ന പരീക്ഷകളിൽ പ്രാവീണ്യം നേടുക എന്നത് ആണ് പ്രസ്തുത പരിശീലനത്തിന്റെ ഉദ്ദേശ്യം. കൂടാതെ സർക്കാർ പരിശീലന

പരിപാടികളായ ശ്രദ്ധ, ദിശ,നവപ്രഭ എന്നിവയും നടത്തിവരുന്നു. ശാസ്ത്ര-സാമൂഹ്യശാസ്ത്ര, ഗണിതശാസ്ത്ര, ഐ.ടി, നാച്ചറൽ, പ്രവർത്തിപരിചയം ഇക്കോ, ഫിലിം എന്നീ ക്ലബ്ബുകളുടെ പ്രവർത്തനവും സ്കൂളിൽ സജീവമാണ്.

## സാമൂഹികം

സാമൂഹ്യ സേവന പ്രവർത്തനങ്ങളിൽ സ്കൂൾ സജീവസാന്നിദ്ധ്യമായി പ്രവർത്തിച്ചുവരുന്നു.സാമൂഹികമായി വളരെ പിന്നോക്കം നിന്നിരുന്ന ഈ പ്രദേശം ഉദ്ധരിക്കുന്നതിൽ വിദ്യാലയത്തിനുള്ള പങ്ക് തികച്ചും നിസ്തുലമാണ്. ഈ വിദ്യാലയത്തിൽ പഠനം നടത്തി ഉന്നത വിദ്യാഭ്യാസം നേടി നാടിന്റെ വിവിധ മേഖലകളിൽ ഉയർന്ന ജോലികളിൽ സേവനം അനുഷ്ഠിക്കുന്നവർ നിരവധിയാണ്. സമൂഹത്തിലെ ഉന്നത ശ്രേണിയിൽ നിലകൊള്ളുന്ന ഡോക്ടർമാർ, എഞ്ചിനീയർമാർ, വിദേശരാജ്യങ്ങളിൽ ഉയർന്ന തസ്തികളിൽ ജോലിചെയ്യുന്നവർ എന്നിവർ വിദ്യാലയം സംഭാവന ചെയ്തവരിൽ ചിലരാണ്. ശക്തമായ പി.ടി.എ, എസ്.എസ്.ജി, മാതൃസമിതി എന്നിവ ഈ വിദ്യാലയത്തിന്റെ മികവുകളിൽ ചിലതാണ്.

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെടുന്നവരുടെ നിരവധി പ്രശ്നങ്ങൾസ്കൂളിലെ വിദ്യാർത്ഥികളും അധ്യാപകരും ഏറ്റെടുക്കുകയും നിരവധി സഹായസൗകര്യങ്ങളും ചെയ്തുവരുകയും പതിവാണ്. ചികിത്സാസൗകര്യങ്ങൾ, ഭീമമായ തുക ആവശ്യമുള്ള മറ്റ് മേഖലകൾ, വീട് സൗകര്യമില്ലാത്ത പ്രത്യേക പരിഗണന അർഹിക്കുന്ന നിരവധി സാമൂഹ്യപരമായി പിന്നോക്കം നിൽക്കുന്നവരെ പ്രത്യേകമായി പരിഗണിക്കുന്നതിൽ ഇ വിദ്യാലയം വിമുഖത കാണിക്കാറില്ല. വിദ്യാർത്ഥികളിൽ

സാമൂഹ്യസേവന തൽപരത വർദ്ധിപ്പിക്കുന്നതിലും മനുഷ്യന് ഏറ്റവും ഉണ്ടാകേണ്ട ഗുണമായ സാമൂഹ്യ സേവനത്തിലുള്ള പ്രാധാന്യം ഇളം തലമുറകളിൽ നിർമ്മിച്ചെടുക്കാനും ഇത്തരം പ്രവർത്തനങ്ങൾ സഹായിക്കുന്നുണ്ട് എന്ന ഉത്തമ ബോധ്യത്തോടെ ആണ് വിദ്യാർത്ഥികളെ ഇത്തരം പ്രവർത്തനങ്ങളിൽ

പങ്കാളികളാക്കുന്നത്.

# മികവുകൾ

## 2024-2025

# ➢ S.S.L.C 2025

- ✔ **TOTAL STRENGTH : 1067**
- ✔ **FULL A+ : 223**
  - **: Third Place in State**
  - **: First in Kozhikode**
- ✔ **RESULT : 1065/1067 (99.89%)**

| Sl No. | Subject | A+ | A | B+ | B | C+ | C | D+ | D | Absents | Total Students |
|---|---|---|---|---|---|---|---|---|---|---|---|
| 1 | FIRST LANGUAGE (PAPER I) | 807 | 112 | 82 | 52 | 11 | 3 | 0 | 0 | 0 | 1067 |
| 2 | FIRST LANGUAGE (PAPER II) | 768 | 142 | 87 | 41 | 18 | 10 | 0 | 0 | 1 | 1067 |
| 3 | ENGLISH | 427 | 178 | 141 | 122 | 103 | 67 | 27 | 1 | 1 | 1067 |
| 4 | THIRD LANGUAGE | 398 | 167 | 162 | 159 | 118 | 56 | 6 | 0 | 1 | 1067 |
| 5 | SOCIAL SCIENCE | 415 | 164 | 136 | 136 | 132 | 63 | 20 | 0 | 1 | 1067 |
| 6 | PHYSICS | 426 | 120 | 147 | 139 | 123 | 95 | 16 | 0 | 1 | 1067 |
| 7 | CHEMISTRY | 575 | 140 | 116 | 100 | 84 | 42 | 9 | 0 | 1 | 1067 |
| 8 | BIOLOGY | 482 | 127 | 110 | 126 | 117 | 81 | 23 | 0 | 1 | 1067 |
| 9 | MATHEMATICS | 351 | 130 | 143 | 125 | 152 | 128 | 37 | 0 | 1 | 1067 |
| 10 | INFORMATION TECHNOLOGY(IT) | 758 | 214 | 78 | 17 | 0 | 0 | 0 | 0 | 0 | 1067 |

SSLC 2024-25 SUBJECT WISE ANALYSIS CHSS

| | FL1 | | ML2 | | ENG | | HIN | | SS | | PHY | | CHE | | BIO | | MAT | | IT | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | NUMBER | % | NUMBER | % | NUMBER | % | NUMBER | % | NUMBER | % | NUMBER | % | NUMBER | % | NUMBER | % | NUMBER | % | NUMBER | % |
| A+ | 807 | 75.63 | 768 | 72.05 | 427 | 40.02 | 398 | 37.34 | 415 | 38.93 | 426 | 39.96 | 575 | 53.94 | 482 | 45.22 | 351 | 32.93 | 758 | 71.11 |
| A | 112 | 10.50 | 142 | 13.32 | 178 | 16.68 | 167 | 15.67 | 164 | 15.38 | 120 | 11.26 | 140 | 13.13 | 127 | 11.91 | 130 | 12.20 | 214 | 20.08 |
| B+ | 82 | 7.69 | 87 | 8.16 | 141 | 13.21 | 162 | 15.20 | 136 | 12.76 | 147 | 13.79 | 116 | 10.88 | 110 | 10.32 | 143 | 13.41 | 78 | 7.32 |
| B | 52 | 4.87 | 41 | 3.85 | 122 | 11.43 | 159 | 14.92 | 136 | 12.76 | 139 | 13.04 | 100 | 9.38 | 126 | 11.82 | 125 | 11.73 | 17 | 1.59 |
| C+ | 11 | 1.03 | 18 | 1.69 | 103 | 9.65 | 118 | 11.07 | 132 | 12.38 | 123 | 11.54 | 84 | 7.88 | 117 | 10.98 | 152 | 14.26 | 0 | 0.00 |
| C | 3 | 0.28 | 10 | 0.94 | 67 | 6.28 | 56 | 5.25 | 63 | 5.91 | 95 | 8.91 | 42 | 3.94 | 81 | 7.60 | 128 | 12.01 | 0 | 0.00 |
| D+ | 0 | 0.00 | 0 | 0.00 | 27 | 2.53 | 6 | 0.56 | 20 | 1.88 | 16 | 1.50 | 9 | 0.84 | 23 | 2.16 | 37 | 3.47 | 0 | 0.00 |
| D | 0 | 0.00 | 0 | 0.00 | 1 | 0.09 | 0 | 0.00 | 0 | 0.00 | 0 | 0.00 | 0 | | 0 | 0.00 | 0 | 0.00 | 0 | 0.00 |
| TOTAL | 1067 | | 1066 | | 1066 | | 1066 | | 1066 | | 1066 | | 1066 | | 1066 | | 1066 | | 1067 | |



## ➢ NMMS–2025 (Topper in Kozhikode District – 29)

- ✔ **TOTAL APPLICANTS** : **245**
- ✔ **QUALIFIED STUDENTS** : **202**
- ✔ **SCHOLARSHIP STUDENTS** : **28 +1 (Waiting list Confirmed)**



# STRENGTH AS PER CATEGORY – 2025-26
## (As per 6th working day statement 2025-26)

## STRENGTH

| CLASS | BOY | GIRL | TOTAL |
|---|---|---|---|
| **CLASS VIII** | **508** | **535** | **1043** |
| **CLASS IX** | **487** | **608** | **1095** |
| **CLASS X** | **622** | **549** | **1171** |
| **TOTAL** | **1617** | **1692** | **3309** |

| CATEGORY | CLASS VIII 17 DIVISIONS | | | CLASS IX 18 DIVISIONS | | | CLASS X 22 DIVISIONS | | | TOTAL 57 DIVISIONS | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | BOY | GIRL | TOTAL | BOY | GIRL | TOTAL | BOY | GIRL | TOTAL | BOY | GIRL | TOTAL |
| TOTAL | 508 | 535 | 1043 | 487 | 608 | 1095 | 622 | 549 | 1171 | 1617 | 1692 | **3309** |
| MUSLIMS | 436 | 462 | 898 | 408 | 508 | 916 | 530 | 464 | 994 | 1374 | 1434 | **2808** |
| SC | 16 | 22 | 38 | 29 | 26 | 55 | 26 | 30 | 56 | 71 | 78 | **149** |
| ST | 0 | 0 | 0 | 0 | 0 | 0 | 0 | 1 | 1 | 0 | 1 | **1** |
| OBC | 41 | 40 | 81 | 38 | 53 | 91 | 45 | 42 | 87 | 124 | 135 | **259** |
| OTHERS | 14 | 11 | 25 | 12 | 21 | 33 | 21 | 12 | 33 | 47 | 44 | **91** |
| APL | 288 | 320 | 769 | 249 | 334 | 583 | 403 | 366 | 769 | 940 | 1020 | **1960** |
| BPL | 220 | 215 | 435 | 238 | 274 | 512 | 216 | 183 | 402 | 677 | 672 | **1349** |

# സ്കൂൾ പ്രൊഫോർമ I (Academic Year 2025-2026)
## വിദ്യാർത്ഥികളുടെ അംഗസംഖ്യ
## വിദ്യാഭ്യാസ ഡയറക്ടറാഫീസ്, തിരുവനന്തപുരം

| റവന്യൂ ജില്ലയുടെ പേര് : Kozhikode | | |
|---|---|---|
| 1 | വിദ്യാലയത്തിന്റെ പേര് | CHAKKALAKKAL HS MADAVOOR |
| 2 | വിലാസം | chakkalakkal |
| 3 | ഫോൺ നമ്പർ | 04952800494 |
| 4 | ഇ-മെയിൽ വിലാസം | chakkalakkalhs@gmail.com |
| 5 | സ്കൂൾ കോഡ് | 47095 |
| 6 | ആൺകുട്ടികൾ/<br>പെൺകുട്ടികൾ/<br>രണ്ടുംകൂടിയുള്ളത് | രണ്ടുംകൂടിയുള്ളത് |
| 7 | സർക്കാർ/ എയിഡഡ് /അൺഎയിഡഡ് | Aided |
| 8 | ക്ലാസ് ( സ്റ്റാൻഡേർഡ് ) | ആരംഭം: 8 അവസാനം: 12 |
| 9 | സ്കൂൾ നടത്തുന്ന സർക്കാർ വകുപ്പിന്റെ പേര ് | General |
| 10 | വിദ്യാഭ്യാസ ഉപജില്ല | Koduvally |
| 11 | വിദ്യാഭ്യാസ ജില്ല | Thamarassery |
| 12 | സ്കൂൾ സ്ഥാപിച്ച വർഷം | 1982 |
| 13 | അസംബ്ലി നിയോജകമണ്ഡലം | Koduvally |
| 14 | പാർലമെന്റ് നിയോജകമണ്ഡലം | Kozhikode |
| 15 | റൂറൽ/അർബൻ | Rural |
| 16 | ബ്ലോക്ക് | Koduvally |
| 17 | താലൂക്ക് | Kozhikode |
| 18 | പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ | Madavoor |

* വകുപ്പിന്റെ പേര് - പൊതു വിദ്യാഭ്യാസ വകുപ്പ് , ഫിഷറീസ് വകുപ്പ്, ട്രൈബൽ വകുപ്പ്, സാങ്കേതിക വകുപ്പ് മുതലായവ

(മറുപുറം )

ആറാം അദ്ധ്യയനദിനം 10 ജൂൺ 2025

വിദ്യാർത്ഥികളുടെ എണ്ണം

| STD | No of Divisions | ആകെ | | | പട്ടികജാതി | | | പട്ടികവർഗ്ഗം | | | മുസ്ലിം | | | *മറ്റ് ന്യൂനപക്ഷ സമുദായം | | | *ഒ . ബി .സി | | | മറ്റുള്ളവ | | | എ. പി. ൽ | | | ബി. പി. ൽ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| **8** | 17 | 508 | 535 | 1043 | 16 | 22 | 38 | 0 | 0 | 0 | 436 | 462 | 898 | 1 | 0 | 1 | 41 | 40 | 81 | 14 | 11 | 25 | 288 | 320 | 608 | 220 | 215 | 435 |
| **9** | 18 | 487 | 608 | 1095 | 29 | 26 | 55 | 0 | 0 | 0 | 408 | 508 | 916 | 0 | 0 | 0 | 38 | 53 | 91 | 12 | 21 | 33 | 249 | 334 | 583 | 238 | 274 | 512 |
| **10** | 22 | 622 | 549 | 1171 | 26 | 30 | 56 | 0 | 1 | 1 | 530 | 464 | 994 | 0 | 0 | 0 | 45 | 42 | 87 | 21 | 12 | 33 | 403 | 366 | 769 | 219 | 183 | 402 |
| ആകെ | | 1617 | 1692 | **3309** | 71 | 78 | 149 | 0 | 1 | 1 | 1374 | 1434 | 2808 | 1 | 0 | 1 | 124 | 135 | 259 | 47 | 44 | 91 | 940 | 1020 | 1960 | 677 | 672 | 1349 |

*മറ്റ് ന്യൂനപക്ഷ സമുദായങ്ങൾ :ക്രിസ്ത്യൻസ് , സിക്ക് , ബുദ്ധിസ്റ്റ് , സൊരാഷ്ട്രിയൻസ് (പാഴ്സി )

മീഡിയം അടിസ്ഥാനമാക്കിയുള്ള കുട്ടികളുടെ എണ്ണം

| സ്റ്റാൻഡേർഡ് | മലയാളം | | | ഇംഗ്ലീഷ് മീഡിയം | | | തമിഴ് | | | കന്നട | | | ആകെ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| **8** | 160 | 110 | 270 | 348 | 425 | 773 | 0 | 0 | 0 | 0 | 0 | 0 | 508 | 535 | 1043 |
| **9** | 143 | 137 | 280 | 344 | 471 | 815 | 0 | 0 | 0 | 0 | 0 | 0 | 487 | 608 | 1095 |
| **10** | 216 | 149 | 365 | 406 | 400 | 806 | 0 | 0 | 0 | 0 | 0 | 0 | 622 | 549 | 1171 |
| ആകെ | 519 | 396 | 915 | 1098 | 1296 | 2394 | 0 | 0 | 0 | 0 | 0 | 0 | 1617 | 1692 | **3309** |

ഭാഷാടിസ്ഥാനത്തിലുള്ള കുട്ടികളുടെ എണ്ണം

| സ്റ്റാൻഡേർഡ് | മലയാളം | | | സംസ്കൃതം | | | അറബി | | | ഉറുദു | | | ഗുജറാത്തി | | | തമിഴ് | | | കന്നഡ | | | അഡി ഹിന്ദി | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| **8** | 147 | 137 | 284 | 22 | 21 | 43 | 313 | 332 | 645 | 26 | 45 | 71 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **9** | 154 | 213 | 367 | 19 | 40 | 59 | 277 | 317 | 594 | 37 | 38 | 75 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **10** | 212 | 183 | 395 | 22 | 28 | 50 | 338 | 304 | 642 | 50 | 34 | 84 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |

| | | | | | | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ആകെ | 513 | 533 | 1046 | 63 | 89 | 152 | 928 | 953 | 1881 | 113 | 117 | 230 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |

സ്ഥലം :

തീയതി :

ഹെഡ്മാസ്റ്ററുടെ ഒപ്പ്

Report Taken on June 29, 2025, 1:06 pm

| മലയാളം | | | | |
|---|---|---|---|---|
| പ്രശ്നമേഖല | പരിഹാരം | പ്രവർത്തനം | കാലം | ചുമതല |
| ഭാഷാപരമായ പിന്നോക്കാവസ്ഥ | അക്ഷരങ്ങൾ ,ചിഹ്നങ്ങൾ , കൂട്ട ക്ഷരങ്ങൾ എന്നിവ ഉറപ്പിക്കൽ | അക്ഷര കാർഡ് നൽകൽ, വാക്കുകൾ രൂപീക ജൂൺ ജൂലൈ രിക്കൽ, വാക്യങ്ങൾ ഉണ്ടാക്കൽ, ചിത്രങ്ങൾ മാസങ്ങൾ നൽകി അടിക്കുറിപ്പ് | ജൂൺ , ജൂലൈ മാസങ്ങൾ | അധ്യാപകർ<br>Peer group |
| വായന | അഭിരുചിക്കനുസ രിച്ചുള്ള വായന വളർത്തൽ | പുസ്തകം നൽകൽ (കഥ, കവിത,നോവൽ ) കുറിപ്പെഴുതൽ<br>കുറിപ്പെഴുതൽ സ്കൂൾ ലൈബ്രറി ഉപയോഗപ്പെടുത്തൽ<br>ക്ലാസ്സ് ലൈബ്രറി പരിപോഷണം - വായനമൂല ആനുകാലികങ്ങളും പത്രങ്ങളും<br>ഇ - വായന പ്രശ്നോത്തരികൾ<br>ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തങ്ങൾ , സാഹിത്യ സമാജങ്ങൾ , പതിപ്പ് , ചുമർപത്രിക | ദീർഘകാല അക്കാദമിക് പദ്ധതി | കുട്ടികളുടെ പിയർ ഗ്രൂപ്പ് |

മലയാളം

| | | | | |
|---|---|---|---|---|
| വിദ്യാർത്ഥികളിൽ കലാസാഹിത്യ അഭി രുചി(സർഗ്ഗാത്മകത ) പരിപോഷിപ്പിക്കൽ | സാഹിത്യകാരന്മാരെ ഉൾപ്പെടുത്തി ശിൽപ്പ ശാലകൾ ,സാഹിത്യ സമാജങ്ങൾ രൻമാരെ ഉൾപ്പെ ശാലകൾ ഹിത്യസമാജങ്ങൾ വിദ്യാരംഗം കലാസാഹിത്യ പ്രവർത്തങ്ങൾ | കയ്യെഴുത്ത് പതിപ്പുകൾ, ചുമർപത്രങ്ങൾ,മത്സരങ്ങൾ,പ്രസംഗം, ഉപന്യാസം, സാഹിത്യകാരൻമാരുമായുള്ള അഭിമുഖം | സെപ്തംബര് മുതൽ അക്കാദമിക വര്ഷം മുഴവൻ | സ്കൂൾ അധ്യാപകർ |
| അക്കാദമിക നിലവാരം | നിലവാരം ഉയർത്തൽ<br><br>നാടകരചന,തിരക്കഥ,ക വിയരങ്ങ് | യൂണിറ്റ് ടെസ്റ്റ് ഇ - വായന സാധ്യത വിക്കിപീഡിയ പോലുള്ള സൈറ്റുകൾ പരിചയപെടുത്തൽ ബ്ലോഗ് - രൂപികരണം വീഡിയോ കാണൽ വിവിധ പ്രോജക്ടുകൾ, ഭാഷാ പ്രോജക്ടുകൾ<br><br>ആഴത്തിലുള്ള വായനയെ പരിപോഷിപ്പിക്കൽ സാഹിത്യസമാജങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങളിലെ വായന ഫിലിം ക്ലബ് പ്രവർത്തനങ്ങൾ പുസ്തക ചർച്ചകൾ വായനോത്സവം | ദിർഘകാല പരിശീലന പദ്ധതി | മറ്റ് ഏജൻസികൾ റിസോഴ്സ് ഗ്രൂപ്പുകളുടെ സഹായം |

**ചക്കാലക്കൽ ഹൈസ്കൂൾ മടവൂർ**

അക്കാദമിക മാസ്റ്റർ പ്ലാൻ ഹിന്ദി

**കരട് നിർദ്ദേശങ്ങൾ**

മേഖല - ഭാഷാപഠനം

**ലക്ഷ്യങ്ങൾ**

- എല്ലാ കുട്ടികൾക്കും ഹിന്ദി രസകരമായും ആസ്വാദകരമായും ഫലപ്രദമായും എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക. ഹിന്ദിഭാഷാപഠനം ലളിതവും രസകരവും ആകർഷകവും ആയി മാറ്റാനുള്ള പ്രവർത്തങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
- ഹിന്ദി ഭാഷാപഠനത്തിലൂടെ കുട്ടികളുടെ സംസാക്കാരവും ദേശ സ്നേഹവും വളർത്തിയെടുക്കുക.
- ഹിന്ദി ഭാഷാ ധാരാളം കേൾക്കുവാനും ഹിന്ദി മാതൃഭാഷയായ വ്യക്തികളുമായി സംവദിക്കാനുള്ള അവസരം സൃഷ്ടിച്ച് ഹിന്ദിഭാഷയോടുള്ള താൽപ്പര്യം വർദ്ധിപ്പിക്കുക.
- ഈ വിദ്യാലയങ്ങളിൽ ഹിന്ദി അന്തരീക്ഷം ഉണ്ടാക്കുക.

| പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ്/ ചുമതല |
|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദിയിൽ തിരിച്ചറിയൽ കാർഡ് | 8,10 ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും പേര് ക്ലാസ്സ് ഡിവിഷൻ സ്കൂൾ വിലാസം ഉൾപ്പെടുത്തിയ കാർഡ് | ജൂൺ മുതൽ Hindi Teachers |
| ആഴ്ച്ചയിലെ വാക്ക് | എല്ലാ ആഴ്ച്ചയിലും ഓരോ പുതിയ വാക്ക് പരിചയപ്പെടുത്തുന്നു | ജൂൺ മുതൽ Hindi Teachers |
| ഹിന്ദി ക്ലാസ്സ് ലൈബ്രറി | ഓരോ ക്ലാസ്സിന്റെയും നിലവാരമനുസരിച്ചുള്ള പുസ്തകങ്ങൾ ശേഖരിക്കുന്നു, കുറിപ്പുകൾ എഴുതിക്കുന്നു | ജൂൺ മുതൽ Hindi Teachers |
| ഹിന്ദി ഡിജിറ്റൽ ലൈബ്രറി | വായനസാമഗ്രികളുടെ വിഭവങ്ങൾ ഡിജിറ്റൽ ശേഖരിച്ച് (ഇടവേളകളിലും ഒഴിവു പിരീഡുകളിലും പോഗ്രാം, ചിത്രകഥകൾ, കാർട്ടൂൺ, ഡികഷണറി തുടങ്ങിയവ) | Hindi Teachers |
| ഐ.സി.ടി ഉപയോഗം കൂടുതൽ കാര്യക്ഷമമാക്കുന്നു. | ഐ.സി.ടി സഹായത്തോടെ പാഠഭാഗങ്ങൾ ലഭ്യമാക്കുന്നു | 2025 ജൂൺ മുതൽ Hindi Teachers |
| ഹിന്ദി കോർണർ | ഹിന്ദി കോർണർ എല്ലാ ക്ലാസ്സുകളിലും തയ്യാറാക്കുന്നു. കുട്ടികളുടെ ഉൽപ്പന്നങ്ങൾ ഹിന്ദി ബാലമാസികകൾ പരിചയപ്പെടൽ എന്നിവ | ജൂൺ മുതൽ Hindi Teachers |

| | | |
|---|---|---|
| ഹിന്ദി അസംബ്ലി | ആഴ്ച്ചയിൽ ഒരിക്കൽ അസംബ്ലി കുട്ടികളുടെ പങ്കാളിത്തത്തോടെ ഉറപ്പാക്കുന്നു.വാർത്തകൾ, മഹത് വചനങ്ങൾ, മികച്ച വായന അവതരണം എന്നിവ ഉൾപ്പെടുത്തി ഹിന്ദി അന്തരീക്ഷം സൃഷ്ടിക്കുന്നു | ജൂൺ മുതൽ Hindi Teachers |

| പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ്/ ചുമതല |
|---|---|---|
| ദിനാചരണങ്ങൾ ഹിന്ദിയിൽ | ദിനാചരണങ്ങൾ ക്ലാസ്സ് റൂം ബന്ധപ്പെടുത്തി നടത്തുന്നു | ഹിന്ദി ക്ലബ് |
| ഹിന്ദി വർക്ക് ബുക്ക് ഉപയോഗം | വർക്ക് ബുക്കുകൾ ഫലപ്രദമായി ഉപയോഗിക്കുന്നു | ഹിന്ദി ക്ലബ് |
| ഹിന്ദി ബാലസഭ | മാസത്തിൽ ഒരു വെള്ളിയാഴ്ച്ച സർഗവേള പിരീഡിൽ ഹിന്ദി ബാലസഭ | ഹിന്ദി ക്ലബ് |
| ഹിന്ദി സാഹിത്യോത്സവം | ഹിന്ദി വാരാഘോഷവും ആയി ബന്ധപ്പെട്ട് ഹിന്ദി കലോത്സവം നടത്തുന്നു. | ഹിന്ദി ക്ലബ് |
| ആശയ വിനിമയം | ചെറു സംഭാഷണങ്ങൾ തയ്യാറാക്കുന്നു. | ഹിന്ദി ക്ലബ് |
| ഹിന്ദി വാണി റേഡിയോ പ്രോഗ്രാം | എല്ലാ വെള്ളിയാഴ്ച്ചയും ഉച്ചയ്ക്ക് ഓരോ ക്ലാസ്സ്കാരുടെ റേഡിയോ പ്രോഗ്രാം അവതരിപ്പിക്കുന്നു. റേഡിയേ നാടകം കവിത, ദേശഭക്തി ഗാനം, വാർത്ത എന്നിവ ഉൾപ്പെടുത്തുന്നു | ഹിന്ദി ക്ലബ് |
| പ്രശ്നോത്തരി | ആഴ്ച്ചയിൽ ഒരു ദിവസം ഹിന്ദിയിൽ ഒന്നോ, രണ്ടോ ചോദ്യങ്ങൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുവാൻ ഒരു പെട്ടിയും സ്ഥാപിക്കുന്നു. വിജയികളെ അസംബ്ലിയിൽ ക്ലബ്ബ് ആദരിക്കുന്നു. | ഹിന്ദി ക്ലബ്ബ് |
| സാഹിത്യശില്പശാല | പ്രത്യേക പ്രവർത്തനം<br>തെരഞ്ഞെടുത്ത നാടകം, കവിത, കഥ) | ഹിന്ദി ക്ലബ് |
| ലാംഗേജ് ലാബ് | ആഴ്ച്ചയിൽ ഒരു പിരീഡ് പഠന ഐ.സി.ടി യുടെ സഹായത്തോടെ സാദ്ധ്യമാക്കൽ | ഹിന്ദി ക്ലബ് |
| ഹിന്ദി നാടകോത്സവം | ഹിന്ദി നാടകോത്സവം വിവിധ ക്ലാസ്സുകളിൽ നിന്ന് വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് വിദ്യാർത്ഥികൾക്ക് ക്യാമ്പ്. കഥാവായന കഥാരചന സ്ക്രിപ്റ്റ് റൈറ്റി അഭിനയ പരിശീലനം ഹിന്ദി നാടകങ്ങൾ കാണാനുള്ള ഹിന്ദി നാടക അഭിനേതാക്കൾ, ലേഖകർ എന്നിവരുടെ | ഹിന്ദി ക്ലബ് |

| | | |
|---|---|---|
| | അഭിമുഖം, ശില്പ്പശാല<br>ക്ലാസ്സ് തല അഭിനയ വേദികളിൽ പരിശീലനം<br>അവതരണത്തിന് ഡോക്യുമെന്റേഷൻ അവസരം<br>(ഐ.ടി സാദ്ധ്യതകൾ ഉപയോഗിച്ച്) | |
| ഹിന്ദി അന്തരീക്ഷം | ഹിന്ദി അന്തരീക്ഷവും ആയി ബന്ധപ്പെടാനുള്ള അവസരം ഹിന്ദി ഡോക്യുമെന്ററി സിനിമ കാണാനുള്ള അവസരം. വാർത്തക്കൾ കേൾക്കാനുള്ള അവസരം ഹിന്ദി വിഡിയോ കോൺഫറൻസ്, ഹിന്ദി കവിതകൾ ഓഡിയോ അവസരം. പ്രദേശങ്ങളിലേക്കു കുടി പഠന യാത്രക പ്ലാൻ ചെയ്യുന്നു. | ഹിന്ദി ക്ലബ് |

# മാസ്റ്റർ പ്ലാൻ സംസ്കൃതം

8,9,10 ക്ലാസ്സുകളിൽ വിദ്യാർത്ഥികൾ ഒന്നാം ഭാഷയായി സംസ്കൃതം പഠിക്കുന്നുണ്ട്. ഇംഗ്ലീഷ്, മലയാളം മീഡിയത്തിലുമായി ഒന്നാം ഭാഷ സംസ്കൃതമായി 50 ൽ അധികം പേർ ഓരോ ക്ലാസ്സിലും പഠിക്കുന്നു. പഠന മേഖലകളിലെ പ്രശ്നങ്ങൾ ഒന്നാം ഭാഷയായ സംസ്കൃതവും നേരിടുന്നുണ്ട്. ഈ മേഖലയിൽ നേരിടുന്ന പ്രശ്നങ്ങളും അവ പരിഹരിക്കാനുള്ള പദ്ധതകളുമാണ് ചുവടെ ചേർക്കുന്നത്.

**അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ.**

- അക്കാദമികം
  പ്രക്രിയാബന്ധിതവും ശിശു കേന്ദ്രീകൃതവും ഐ.സി.ടി അധിഷ്ഠിതവും മായ പ്രവർത്തനങ്ങൾക്ക് പരിമിതികളുണ്ട്. സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികൾക്കും പങ്കാളിത്തം ഇല്ല,

- ഭൗതികം
  പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി വിനിമയം ചെയ്യുന്നതിന് സഹായകമായ ഇരിപ്പിട സൗകര്യങ്ങൾ, ഐ സി ടി സാഗകൾ എന്നിവ ഇല്ല,
  ലൈബ്രറിയിലെ സംസ്കൃത പുസ്തകങ്ങളുടെ അഭാവം.

## പ്രശ്ന വിശകലനം

മേഖല അക്കാദമികം

പ്രശ്നം - 1 ഹൈസ്കൂൾ ക്ലാസുകലിലെ എല്ലാം കുട്ടികൾക്കും നിർദ്ദേശിക്കപ്പെട്ട ശേഷികൾ ആർജ്ജിക്കാൻ കഴിയുന്നില്ല. അടിസ്ഥാന ഭാഷാ നൈപുണി നേടാത്ത കുട്ടികൾ ഉണ്ട്.

| കാരണങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ |
|---|---|
| • കുട്ടികൾ മുൻക്ലാസുകളിൽ ആർജ്ജിക്കേണ്ട ശേഷികൾ നേടിയിട്ടില്ല.<br>• ഭാഷാന്തരീക്ഷം ക്ലാസ്സ് മുറികളിൽ കിട്ടുന്നില്ല.<br>• പാഠഭാഗങ്ങൾ അനുഭവപ്പെടുന്നില്ല.<br>• പാഠഭാഗങ്ങൾ ജീവിത ഗന്ധിയായി അനുഭവിടുന്നില്ല<br>• വായന പ്രവർത്തനങ്ങളുടെ കുറവ്.<br>• അധ്യാപകർ എല്ലാകുട്ടികളെയും പരിഗണിച്ചു കൊണ്ട് ക്ലാസ്സ് കൊണ്ട് പോവാൻ കഴിയുന്നില്ല. | ✔ അധ്യായന വർഷാരംഭത്തിൽ തന്നെ കുട്ടികളുടെ നിലവാരം അറിയുന്നതിന് പ്രീ ടെസ്റ്റ് നടത്തുക.<br>✔ ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ ആകർഷകമാക്കുക.<br>✔ പത്രം , പുസ്തകങ്ങൾ, ഡിജിറ്റൽ പാഠങ്ങൾ എന്നിവ ലഭ്യമാക്കുക.<br>✔ ക്ലാസ്സ് മാഗസിൻ ഉണ്ടാക്കുക.<br>✔ ഭാഷലൈബ്രറി സ്ഥാപിക്കുക.<br>✔ ഭാഷ സിനിമകൾ കാണുക, നിർമ്മിക്കുക. |

| | |
|---|---|
| • കുട്ടികളുടെ നിലവാര വിത്യാസം<br>• സംവിധാനം<br>• സമയക്കുറവ്വ്<br>• പരിശീലനത്തിലെ അപര്യാപ്തത | ✔ അന്യ ഭാഷകരുമായി ഇടപഴകാനുള്ള സാഹചര്യം സൃഷ്ടിക്കുക. |

## പദ്ധതി/പ്രവർത്തനം

1. പ്രീ-ടെസ്റ്റ്
2. അടിസ്ഥാനശേഷികൾ വികസിപ്പിക്കാൻ പരിപാടി
3. പിയർ ഗ്രൂപ്പ് പ്രവർത്തനം
4. കവിതാ ശിൽപശാല, സർഗ്ഗാത്മകശില്പശാല.

### പ്രവർത്തന പദ്ധതി വിശകലനം

മേഖല : അക്കാദമികം,

പ്രശ്നം : അടിസ്ഥാന ഭാഷാശേഷികൾ നേടാത്ത കുട്ടികൾ

പ്രവർത്തനം : പ്രീ ടെസ്റ്റ്

ലക്ഷ്യം : എട്ടാം ക്ലാസ്സിലെത്തുന്ന കുട്ടികളുടെ ഭാഷാജ്ഞാനത്തിന്റെ നിലവിലുള്ള അവസ്ഥ തിരിച്ചറിയുന്നതിനും പരിഹാരം കണ്ടെത്തുന്നതിനും.

| ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ആശയ രൂപികരണം (എന്ത് ? എങ്ങിനെ ?) | ജൂൺ | വിഷയ സമിതി | | |
| ചോദ്യാവലി നിർമ്മാണവും അച്ചടിയും. | | കൺവീനർ അദ്ധ്യാപകർ | 2500 | പി ടി എ |
| നടത്തിപ്പ് | | ക്ലാസ്സ് ടീച്ചർ | | |
| മൂല്യ നിർണ്ണയം | | വിഷയ സമിതി | | |
| റിപ്പോർട്ട് തയ്യാറാക്കൽ | | വിഷയ സമിതി | | |

പ്രശ്നം : അടിസ്ഥാന ഓഷാശേഷികൾ നേടാത്ത കുട്ടികൾ.

പ്രവർത്തനം : പരിഹാര ബോധന പ്രവർത്തനം.

ലക്ഷ്യം : അടിസ്ഥാന ഭാഷാനൈപുണ്യങ്ങൾ കുട്ടികളിൽ ഉണ്ടാക്കുക.

| | | കാലം |
|---|---|---|
| ആശയ രൂപീകരണം | വിഷയ സമിതി | ജൂൺ 15 |
| മൊഡ്യൂൾ നിർമ്മാണം | വിഷയ സമിതി | ജൂൺ 16 |
| വർക്ക് ഷീറ്റ് നിർമ്മാണം. | ഭാഷാദ്ധ്യാപകർ | |
| നടത്തിപ്പ് | | |
| റിപ്പോർട്ട് തയ്യാറാക്കൽ | | |

പ്രവർത്തനം : സർഗ്ഗാത്മകപ്രവർത്തനം

ലക്ഷ്യം : പ്രവർത്തനങ്ങളിൽ എല്ലാവർക്കും പങ്കാളിത്തം.

| ഉപപ്രവർത്തനം | | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| കഥ, കവിത മറ്റു രചനകൾ. | വിഷയ സമിതി | ജൂൺ | | പി.ടി.എ |
| ആലാപനം, പ്രസംഗം എന്നിവയിൽ താൽപര്യമുള്ള കുട്ടികളെ കണ്ടെത്തുക | | | | |
| സ്കൂൾ തലത്തിൽ പ്രവർത്തനം | | പ്രതിമാസം | | |
| മേളകളിലെ പങ്കാളിത്തം | | | | |
| ഫലപ്രാപ്തി വിശകലനം | | | | |
| ഡോക്യുമെന്റേഷൻ | | | | |

പ്രശ്നം : അടിസ്ഥാന ഭാഷാശേഷികൾ നേടാത്ത കുട്ടികളുണ്ട്.

പ്രവർത്തനം : പിയർ ഗ്രൂപ്പ് പഠനം

| ഉപപ്രവർത്തനം | കാലം | | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പ്രിക്രിയ ബന്ധിതമായ പഠനാസൂത്രണം തയ്യാറാക്കൽ ശിൽപ്പശാല | | | | പി.ടി.എ |

| | | | | |
|---|---|---|---|---|
| ഐ സി ടി പഠന സാധ്യത കകണ്ടെത്തുക | | | | |
| ഇ ടീച്ചിങ്ങ് മാന്വൽ | | | | |
| ഫല പ്രാപ്തി വിശകലനം | | | | |

പ്രവർത്തനം : സംസ്കൃത ശിൽപശാല

ലക്ഷ്യം : സംസ്കൃത പഠനം ആകർഷകമാക്കുക.

| | | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ശിൽപ്പശാലാ ആലോചനയോഗം | വിഷയ സമിതി | ആഗസ്റ്റ് | ഏജൻസി | പി.ടി.എ |
| ശിൽപ്പശാല | വിഷയ സമിതി | | | |
| ഡോക്യുമെന്റേഷൻ | | | | |

## ഉറുദു

| പ്രവർത്തനം | നടപ്പിൽ വരുത്തുന്ന വിധം | കാലയളവ് | ചുമതല |
| --- | --- | --- | --- |
| ഭംഗിയുള്ള കൈഎഴുത്ത് | ഉറുദുവിൽ ഭംഗിയുള്ളതും മികച്ചതുമായ കൈ എഴുത്ത് എന്ന ലക്ഷ്യ പൂർത്തികരണത്തിന് വേണ്ടി പ്രത്യേ കപരിശീലനം | എല്ലാ മാസവും | സബ്ജക്ട് കൗൺസിൽ, ഉറുദു ക്ലബ് |
| ഉറുദു പത്രം | ക്ലാസ്സ്തല വാർത്തകളും വിദ്യാലയ വാർത്തകളും ഉൾപ്പെടുത്തി പത്രം തയ്യാറാക്കൽ | ഒരു വര്ഷം | സബ്ജക്ട് കൗൺസിൽ, ഉറുദു ക്ലബ് |
| ഉറുദു പൊതുവിജ്ഞാനം വർദ്ധിപ്പിക്കൽ | പൊതുവായും ഉറുദുവിൽ ഉള്ളതു മായ ഉറുദു പൊതു വിജ്ഞാനം കുട്ടി കളിൽ എത്തിക്കുന്നതിന് വേണ്ടി നോട്ടിസ് ബോർഡിൽ ഓരോ ആഴ്ച്ച യിലും ചോദ്യങ്ങളും ഉത്തരങ്ങളും പ്രദർശിപ്പിക്കൽ. ഇതിലെ ചോദ്യങ്ങൾ ഉൾപ്പെടുത്തി ക്വിസ് മത്സരം സംഘ ടിപ്പിക്കൽ | | സബ്ജക്ട് കൗൺസിൽ, ഉറുദു ക്ലബ് |

## ENGLISH

**പ്രവർത്തനത്തിന്റെ പേര്** **: ഇംഗ്ലീഷ് അസംബ്ലി**

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരി ക്കാനും ഇംഗ്ലീഷിനോട് താൽപര്യമുണ്ടാവാനുമുള്ള ശേഷി വികസിപ്പിക്കുക | ആഴ്ച്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലിഷിൽ അവതരിപ്പിക്കുക. ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല നൽകുക | ആഴ്ച്ചയിൽ 2 ദിവസം | ഇംഗ്ലീഷ് ടിച്ചർ |
| പ്രവർത്തനം : 2<br><br>ഇംഗ്ലീഷ് ഓഡിയോ കാസ്റ്റ് കേൾപ്പിക്കൽ<br><br>എല്ല കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ കേൾക്കുകയും അവർ അതിലെ പ്രയോഗങ്ങൾ പരിചയപ്പെടുകയും ചെയ്യുക | ഇടവേളകളിൽ (ഉച്ചയ്ക്കും, രാവിലെയും) ഉള്ള സമയങ്ങളിൽ കാസറ്റ് കേൾപ്പിക്കുക | എല്ലാ പ്രവൃത്തി ദിവ സങ്ങളിലും | ഇംഗ്ലീഷ് ക്ലബ് കൺവിനർ |
| പ്രവർത്തനം ; 3<br><br>ഇംഗ്ലീഷ് ഡയറി<br>തെറ്റില്ലാതെ എളുപ്പം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ദിന പ്രവർത്തനങ്ങൾ വീട്ടിലും സ്കൂളിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലിഷിൽ ഡയറിൽ എഴുതുക | എല്ലാ ദിവസവും | ഇംഗ്ലീഷ് ടിച്ചർ |
| പ്രവർത്തനം ; 4<br><br>ഇംഗ്ലീഷ് തിയറ്റർ<br><br>ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തങ്ങൾക്ക് ഉപയോഗി | പാഠപുസ്തകത്തിൽ നിന്നും വ്യത്യ സ്തമായി മാറിയെഴുതി സദസ്സിന് മുമ്പാകെ അവതരിപ്പിക്കുക. Eg:- Skit, conversation, Roleplay, Drama etc.. | എല്ലാ മാസവും | HM<br>ഇംഗ്ലീഷ് ടിച്ചർ |
| പ്രവർത്തനം ; 5 | കഥ, കവിത,ലേഖനം, ആനുകാ ലിക സംഭവങ്ങൾ കാർട്ടൂൺ ഇവ | ഓരോ ടെർമിലും | ക്ലബ് കൺവീനർ |

| | | | |
|---|---|---|---|
| ഇംഗ്ലീഷ് മാഗസിൻ<br><br>ഇംഗ്ലീഷ് ഭാഷയിൽ<br>Creative power കൈവരുത്തുക | തയ്യാറാക്കുക | | |
| പ്രവർത്തനം ; 6<br><br>ഇംഗ്ലിഷ് പോസ്റ്റ്<br><br>വ്യാകരണ ശ്രുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതുവാനും കഴിയുന്ന ചെയ്യൽ നിലവാരത്തിലേക്ക് എത്തിക്കൽ | Summer vaccation കാലത്ത് ദിവ സത്തെ ഇംഗ്ലീഷ് ഫെസ്റ്റ് മുഴുവൻ Activities ഇംഗ്ലീഷിൽ തന്ന | 5 ദിവസം | ഇംഗ്ലീഷ് ടിച്ചർ |
| പ്രവർത്തനം :7<br><br>English chatting<br><br>communication skill | വിദേശരാജ്യങ്ങളിൽ സമാനക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികളുമായി skipe മുഖേന ഇംഗ്ലീഷിൽ ആശയവിനിമയം | Once in every month | ഇംഗ്ലീഷ് ക്ലബ് കൺവിനർ |
| പ്രവർത്തനം : 8<br><br>English corner | English megazines, News paper,stories, gon യുടെ collections വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള board സ്ഥാപിക്കൽ | Every Month | ഇംഗ്ലീഷ് ടിച്ചർ |
| പ്രവർത്തനം : 9<br><br>പ്രധാനപ്പെട്ട ദിനാചരണങ്ങൾ<br><br>ഇംഗ്ലീഷ് ഭാഷ ഉപയോഗി ക്കാനുള്ള അവസരങ്ങൾ | speech, Slogans, പ്രധാനപ്പെട്ട quotes collect ചെയ്യൽ തുടങ്ങിയവ quot's | On Special Days | HM<br>ഇംഗ്ലീഷ് ടിച്ചർ |
| പ്രവർത്തനം ; 10<br>Translation of Malayalam children book in English<br>വ്യാകരണത്തിലും സാഹി നേടൽ | Simple simple stories in Malayalam translated into english | Two books in every year | ക്ലബ് കൺവീനർ |

## ഫിസിക്സ്

| പ്രശ്നം | പരിഹാരം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| ജൂൺ മാസത്തിൽ ഭൗതികശാസ്ത്ര വിഷയങ്ങളിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുക. | വിദ്യാർത്ഥികൾക്ക് താൽപര്യജനകമായ പ്രവർത്തനങ്ങൾ | വർക്ഷോപ്പുകൾ പരിക്ഷണ നിരീക്ഷണം (പരിസ്ഥിതി ദിനാചരണം) | ജൂൺ 2025 മുതൽ | സയൻസ് അധ്യാപകർ |
| ജൂൺ – ജൂലൈ - ലബോറട്ടറി ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിലുള്ള പ്രാവീണ്യക്കുറവ് | കൃത്യമായ രീതിയിൽ പരിശീലിപ്പിക്കുന്ന ക്ലാസുകൾ | ലബോറട്ടറി ഉപകരണങ്ങൾ പരിചരണ നിരീക്ഷണ പരിചയം | ജൂൺ 2025 മുതൽ | സയൻസ് ക്ലബ് അംഗങ്ങൾ |
| ആഗസ്റ്റ് പാദവാർഷിക പരീക്ഷ മുന്നോടിയായി പരിശീലനം. | പ്രത്യേക ഗ്രൂപ്പിനെ തിരഞ്ഞെടുത്തു അവരെ പരിചയപ്പെടുത്തി പരിഹാരം | പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ പരിശീലിപ്പിക്കാൻ പിയർഗ്രൂപ്പിൽ അവസരം. | ഓഗസ്റ്റ് ആദ്യവാരം മുതൽ ഒന്നാം പാദവാർഷിക പരീക്ഷ വരെ | പിയർ ഗ്രൂപ്പ് അംഗങ്ങൾ |
| സെപ്റ്റംബർ പാദവാർഷിക പരീക്ഷയുടെ അടിസ്ഥാനത്തിൽ പിന്നോക്കം നിൽക്കുന്നവർ. | | രാവിലെയും വൈകുന്നേരവും പ്രത്യേക പരിശീലനം. | | സർക്കാർ മാനേജ്മെന്റ് പി.ടി.എ |

| | | | | |
|---|---|---|---|---|
| ചോദ്യരീതികളിലെ (പരീക്ഷയുടെ) അഭിമുഖീകരിക്കാനുള്ള പ്രയാസം പരിചയക്കുറവ്<br><br>ഒക്ടോബർ-നവംബർ<br>നവംബർ-ഡിസംബർ ശ്രദ്ധ നവപ്രഭ (സർക്കാർ പദ്ധതി)<br><br>വിദ്യാലയങ്ങളിലും ഹൈടെക് സൗകര്യങ്ങൾ<br><br>വർക്ക്ഷോപ്പ് പരീക്ഷണം.<br><br>ശാസ്ത്ര നാടകം ലോക്കൽ ടെക്സ്റ്റ് ബുക്കുകൾ | സ്കൂൾ ശാസ്ത്രമേളകളിൽ എല്ലാ വിധ വിദ്യാർത്ഥികൾക്കും പങ്കെടുക്കാൻ അവസരം | ഒക്ടോബർ-നവംബർ<br>നവംബർ-ഡിസംബർ ശ്രദ്ധ നവപ്രഭ (സർക്കാർ പദ്ധതി)<br><br>മേളയുടെ ലക്ഷ്യം വിശദീകരണം-<br>മോഡൽ നിർമ്മാണം.<br><br>ക്യാമ്പുകൾ നിശാക്ലാസുകൾ അയൽപക്ക പഠനസൗഹൃദ വേദിയിൽ പങ്കാളിത്തം. | long Term<br><br>രക്ഷിതാക്കളുടെ സഹായം സ്കൂൾ ഏജൻസികൾ | സയൻസ് അധ്യാപകർ<br>.<br><br>സയൻസ് അധ്യാപകർ<br><br>സയൻസ് അധ്യാപകർ |

## രസതന്ത്രം

| *പ്രശ്നം* | *പരിഹാരം* | *പ്രവർത്തനം* | *കാലം* | *ചുമതല* |
| --- | --- | --- | --- | --- |
| അടിസ്ഥാന ആശയങ്ങളി ലുള്ള ധാരണക്കുറവ് | എൻട്രി ലെവൽ പ്രീ വി ടെസ്റ്റിലൂടെ കുട്ടികളുടെ നിലനിർണയം നടത്തൽ.<br><br>താഴ്ന്ന ക്ലാസുകളിലെ അടിസ്ഥാന ആശയങ്ങളിൽ പിന്നോ ക്കാവസ്ഥയുള്ള കുട്ടികൾ അവ കൈവരിക്കാൻ അവസരം ഉറപ്പാക്കുക.<br><br>ഓരോ ക്ലാസിലെയും അടി സ്ഥാന ആശയങ്ങൾ മാത്രം ഉൾപ്പെടുത്തി Local text തയ്യാ റാക്കുക<br><br>Local text ലെ ആ യങ്ങൾ പഠനഗ്രൂപ്പിന്റെ സഹാ യത്തോടെ കുട്ടികളിലേക്ക് എത്തിക്കുക<br><br>ഓരോ അദ്ധ്യാപകന്റെയും നേതൃത്വത്തിൽ കുട്ടികളുടെ പഠനഗ്രൂപ്പ് ഉണ്ടാക്കുക | പ്രീ ടെസ്റ്റ്<br>Local text<br><br>പാഠാസൂത്രണ.<br><br>പാർക്ക്.<br><br>മൂല്യനിർണയ ചോദ്യ ങ്ങൾ തയ്യാറാക്കൽ.<br><br>കുട്ടിയെ അറിയൽ വീട<br><br>റിയൽ പദ്ധതി. ഹൈടെക്<br><br>ക്ലാസ്റൂമുകൾ കൗൺസലിംഗ്<br><br>മൂല്യനിർണ്ണയം നില നിർത്തൽ | ജൂൺ മുതൽ | കെമിസ്ട്രി അധ്യാപകൻ<br><br>PTA<br><br>School supporting Group |

